(സി) ഉണ്ട്. കർഷകർക്ക് നഷ്ടപരിഹാരമായി 1,10,75,797 (ഒരു കോടി പത്ത് ലക്ഷത്തി എഴുപത്തയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക വിലയിടിവുമൂലമുള്ള നഷ്ടം നികത്താൻ കർഷകർക്ക് സഹായം

121 [2738] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടവും വിലയിടിവും വിളനാശവുംമൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് 2004 ജനുവരിക്കുശേഷം ഇതുവരെയായി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങൾ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റിന് സഹായമായി നൽകിയെന്ന് വിശദമാക്കാമോ; ഈ തുക ഏതു വിധത്തിലാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ;

(സി) കൃഷിക്കാരുടെ ആത്മഹത്യ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ഈ സാഹചര്യം ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ ഇപ്പോൾ നൽകിയ 186 കോടി രൂപ ഏതൊക്കെ ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;

(ഇ) വമ്പിച്ച വിലയിടിവ് നേരിടുന്ന കാപ്പി, അടയ്ക്ക, ഏലം, വാനില, കുരുമുളക് എന്നിവയുടെ വില പിടിച്ചുനിർത്താനോ, കൃഷിക്കാർക്ക് നഷ്ടം നികത്തുന്നതിന് പ്രത്യേകം സഹായം നൽകുന്നതിനോ എന്തെങ്കിലും പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക കടവും വിലയിടിവും വിളനാശവും മൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പ്രത്യേക കേന്ദ്രസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും 186 കോടി രൂപ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും കാർഷിക മേഖലയ്ക്ക് അനുവദിച്ച 106 കോടി രൂപയിൽ 53 കോടി രൂപ മാത്രമേ റിലീസ് ചെയ്യാൻ ഉത്തരവായിട്ടുള്ളൂ.

(ഇ) വിലയിടിവ് നേരിടുന്ന അടയ്ക്ക, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. കുരുമുളക് സംഭരണത്തിന് 6 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കർഷകരിൽനിന്ന് കിലോഗ്രാമിന് 75 രൂപ നിരക്കിൽ, മാർക്കറ്റ്ഫെഡ് കുരുമുളക് സംഭരണം ആരംഭിച്ചിട്ടുണ്ട്. കാപ്പിക്ക് ഹെക്ടറിന് 720 രൂപ നിരക്കിൽ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതാണ്. അടയ്ക്ക സംഭരണത്തിന് 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. നിലവിലുള്ള കമ്പോള വിലയേക്കാൾ കിലോക്ക് 10 രൂപ കൂടുതൽ നൽകി കാംപ്കോ അടയ്ക്ക സംഭരിച്ചു വരുന്നു. കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി കേന്ദ്ര സർക്കാർ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഏലം, വാനില എന്നിവയുടെ വില പിടിച്ചുനിർത്തുന്നതിനു പ്രത്യേക നടപടിയൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല.

കൃഷി വകുപ്പിൽ നിന്നും അവശതാ പെൻഷൻ

122 [2739] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. രതീഷ് കുമാർ പി. കെ. പടിഞ്ഞാറെ മഠത്തിൽ, മരിയാപുരം പി. ഒ., ഇടുക്കി എന്നയാൾ കൃഷി വകുപ്പിൽ നിന്നും അവശതാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) അവശതാ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഉത്തരവായിട്ടില്ലെങ്കിൽ ഉത്തരവാകുവാൻ നിർദ്ദേശം നൽകുമോ?

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVIII

[15-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 121(2738) ന്റെ ഉത്തരം ദയവായി കാണുക]

കാർഷിക കടവും വിലയിടിവും വിളനാശവും മൂലം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് 2004 ജനുവരിക്കുശേഷം സർക്കാർ സ്വീകരിച്ച ആശ്വാസ നടപടികൾ ചുവടെ ചേർക്കുന്നു.

വിലത്തകർച്ചയും, വരൾച്ചയുംമൂലം കർഷകർക്കുണ്ടായ കഷ്ട നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 2003 റാബി സീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ കാർഷിക വിളകളുടെ നഷ്ടപരിഹാരം 100 ശതമാനം കണ്ട് വർദ്ധിപ്പിച്ചു. വരൾച്ച മൂലം 25 ശതമാനമോ അതിൽ കൂടുതലോ കൃഷിനാശം സംഭവിച്ചവർക്ക് വീണ്ടും വിളയിറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്തു. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കർഷകന്റെ വാർഷിക വരുമാന പരിധി നീക്കം ചെയ്തു. ഭൂപരിധിയിലുണ്ടായിരുന്ന നിയന്ത്രണത്തിനും ഇളവനുവദിച്ചു.

വർളച്ചയും കൃഷിനാശവും മൂലം കാർഷിക വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത കൃഷിക്കാരെ രക്ഷിക്കുന്നതിനായി കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ടിൽ 'കർഷകൻ' എന്ന നിർവചനത്തിൽ വരുന്ന വ്യക്തിക്ക് 29-12-2001-നു ശേഷമുള്ള പ്രസ്തുത ആക്ടിലെ "കടം" എന്ന നിർവചന പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നതായ കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മൊറട്ടോറിയം കാലാവധിയിൽ പലിശയിലും പിഴപ്പലിശയിലും ഇളവനുവദിച്ചു നൽകി. ടി മൊറട്ടോറിയം കാലാവധിയുടെ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീഇംപേഴ്സ് ചെയ്യുന്നതാണ്.

വിളനാശംമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും മദ്ധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ആയതിന്റെ കാലാവധി 31-3-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2/676/2012—66a.

LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഒരു വർഷത്തേക്ക് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 3 വർഷത്തേക്ക് പലിശ ബാദ്ധ്യത ഏറ്റെടുക്കുവാനും അത് അതാത് വർഷം ബന്ധപ്പെട്ട ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനും പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് കർഷകർക്കു പലിശ ഇളവു നൽകുവാനും ഉത്തരവായിട്ടുണ്ട്.

വായ്പ തുകയുടെ പരിധി ഉയർത്തണമെന്നു മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിച്ച് വയനാട് ജില്ലയ്ക്ക് ഊന്നൽ നൽകണമെന്നുള്ള സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 2006 മാർച്ച് 31 വരെ പലിശ ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. 50000 രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ളവർക്കും 50000 രൂപ വരെ 'ടി' ആനുകൂല്യം ലഭിക്കും. പലിശ അടച്ചു കഴിഞ്ഞവർക്ക് ഈ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകാവുന്നതാണ്.

29-12-2001-ന് ശേഷം സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളതും, 24-1-2004-ൽ കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

കാർഷിക കടംമൂലം ആത്മഹത്യചെയ്ത വയനാട്ടിലെ കർഷകരുടെ 39 കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇതുവരെ ധനസഹായം ലഭിക്കാത്ത 179 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ വീതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വിലയിടിവു നേരിടുന്ന അടയ്ക്ക, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. കുരുമുളക് സംഭരണത്തിന് 6 കോടി രൂപ അനുവദിച്ചു. കർഷകരിൽനിന്ന് കിലോഗ്രാമിന് 75 രൂപ നിരക്കിൽ കുരുമുളക് മാർക്കറ്റ് ഫെഡ് വഴി സംഭരിച്ചു വരുന്നു. കാപ്പിക്ക് ഹെക്ടറിന് 720 രൂപ നിരക്കിൽ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതാണ്. അടയ്ക്ക സംഭരണത്തിന് 10 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. നിലവിലുള്ള കമ്പോള വിലയേക്കാൾ കിലോക്ക് 10 രൂപ കൂടുതൽ നൽകി കാംപ്കോ അടയ്ക്ക സംഭരിച്ചു വരുന്നു. കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനു വേണ്ടി 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

മേൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും കർഷകരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly